"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-മലപ്പുറം നഗരസഭ വക ബസ് സ്റ്റാന്റ് കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന "എന്റെ ഹോട്ടൽ" എന്ന പേരിലുള്ള കുടുംബശ്രീ ഹോട്ടലിന്റെ വാടക കുടിശ്ശിക ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2789/2022/LSGD തീയതി,തിരുവനന്തപുരം, 11-11-2022

പരാമർശം:-
1. മലപ്പുറം നഗരസഭാ കൗൺസിലിന്റെ 16.02.2021-ലെ 6-ാം നമ്പർ, 15.09.2021-ലെ 03-ാം നമ്പർ തീരുമാനങ്ങൾ.
2. 08.03.2022-ലെ നഗരകാര്യ ഡയറക്ടറുടെ ജി3-7596/2021 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം നഗരസഭ വക ബസ് സ്റ്റാന്റ് കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന "എന്റെ ഹോട്ടൽ" എന്ന സ്ഥാപനം കുടുംബശ്രീ Day NULM പദ്ധതി പ്രകാരമാണ് പ്രവർത്തിച്ചു വരുന്നതെന്നും ടി സ്ഥാപനം കമ്മ്യൂണിറ്റി കിച്ചൺ ആയിരുന്ന കാലയളവിലെയും ലോക് ഡൗൺ കാലയളവിലെയും വാടക നഗരസഭ ഒഴിവാക്കി നൽകിയിരുന്നതായും ജൂൺ 2020 മുതൽ ഒക്ടോബർ മാസം വരെ ടി സ്ഥാപനം പ്രവർത്തിക്കാത്തതിനാൽ ടി കാലയളവിൽ നഗരസഭയിൽ അടവാക്കേണ്ട വാടക തുകയായ 1,08,159/- രൂപ ഒഴിവാക്കി നൽകുന്നതിന് സ്ഥാപനം സമർപ്പിച്ച അപേക്ഷ പരിഗണിച്ച പരാമർശം (1) പ്രകാരം നഗരസഭാ കൗൺസിൽ തുക ഒഴിവാക്കി നൽകുന്നതിന് സർക്കാർ അനുമതിക്കായി അപേക്ഷിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം നഗരസഭ സെക്രട്ടറി സമർപ്പിച്ചിട്ടുള്ള അപേക്ഷ ശിപാർശ ചെയ്തുകൊണ്ട് സൂചന (2) കത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ അയച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം നഗരസഭ വക ബസ് സ്റ്റാന്റ് കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന കുടുംബശ്രീ ഹോട്ടലിന്റെ 2020 ജൂൺ മുതൽ ഒക്ടോബർ 2020 വരെയുള്ള കാലയളവിലെ വാടകകുടിശ്ശികയിൽ (1,08,159/-രൂപ) നഗരസഭാ കൌൺസിൽ തീരുമാനത്തിന്റെയും നഗരകാര്യ ഡയറക്ടറുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJEEVAN A P
ഡെപ്യൂട്ടിസെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, മലപ്പുറം നഗരസഭ.
പ്രസിഡന്റ്, "കുടുംബശ്രീ-എന്റെ ഹോട്ടൽ", ഡൗൺഹിൽ പി. ഒ, മലപ്പുറം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് I/ഓഡിറ്റ്II), കേരള, തിരുവനന്തപുരം.

PTO

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി (തസ്വഭവ-ആർ സി 2/299/2022-തസ്വഭവ)

ഉത്തരവിൻ പ്രകാരം

**Signed by Pradeesh M**
**Date: 14-11-2022 10:52:01**

സെക്ഷൻ ഓഫീസർ